# മഹാത്മാഗാന്ധി സർവ്വകലാശാല

## കോട്ടയം – 686560

തമ്പി മാത്യു
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650
മൊബൈൽ: 9446025407

പി.ആർ.ഒ./39/192/2018 2018 സെപ്റ്റംബർ 13

## പത്രക്കുറിപ്പ്

പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

2018 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് (റെഗുലർ/സപ്ലിമെന്ററി), എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് അപ്ലൈഡ് (റെഗുലർ), എം.എസ്.സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (സപ്ലിമെന്ററി), എം.എസ്.സി ക്ലിനിക്കൽ ന്യൂട്രിഷൻ & ഡയറ്ററ്റിക്സ് (റെഗുലർ) എന്നീ പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ 28-9-2018 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

2018 മെയ് മാസത്തിൽ നടത്തിയ ബി.ആർക്ക് പത്താം സെമസ്റ്റർ റെഗുലർ (കെ.എം.ഇ.എ കോളേജ്, എടത്തല ഒഴികെ) / സപ്ലിമെന്ററി, 2017 നവംബർ മാസത്തിൽ നടത്തിയ ഒമ്പതാം സെമസ്റ്റർ സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ റഗുലർ/ഇമ്പ്രൂവ്മെന്റ്/സപ്ലിമെന്ററി, മൂന്നാം സെമസ്റ്റർ റഗുലർ/ഇമ്പ്രൂവ്മെന്റ്/സപ്ലിമെന്ററി എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ 27-9-2018 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

2018 മെയ് മാസം നടത്തിയ എം.എഡ് നാലാം സെമസ്റ്റർ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസബിലിറ്റി) റഗുലർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ 28-9-2018 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

പ്രത്യേക മേഴ്സി ചാൻസ് പരീക്ഷ 2018

2017 ഡിസംബറിൽ നടത്തിയ വിദ്യാർത്ഥി അദാലത്തിലെ തീരുമാന പ്രകാരം യു.ജി, പി.ജി, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രത്യേക മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതാണ്. മോഡൽ 1 ബി.എ, ബി.എസ്.സി, ബി.കോം - റഗുലർ - 1998-2008 അഡ്മിഷൻ, ബി.എ, ബി.കോം - പ്രൈവറ്റ് 1998-2011 അഡ്മിഷൻ, 2000 അഡ്മിഷൻ മുതലുള്ള മറ്റ് യു.ജി കോഴ്സുകൾ (ബി.എസ്.സി നഴ്സിംഗ് & ബി.ടെക് ഒഴികെ) 2001 മുതൽ 2011 വരെ അഡ്മിഷൻ റെഗുലർ എം.എ, എം.എസ്.സി, എം.കോം, 2004 മുതൽ 2013 വരെ അഡ്മിഷൻ പ്രൈവറ്റ് എം.എ, എം.എസ്.സി, എം.കോം, 2000 അഡ്മിഷൻ മുതലുള്ള മറ്റ് പി.ജി കോഴ്സുകൾ, 2003 അഡ്മിഷൻ മുതലുള്ള ബി.എഡ്, 1994 അഡ്മിഷൻ മുതലുള്ള എൽ.എൽ.ബി, 2009 അഡ്മിഷൻ മുതലുള്ള എം.ടെക്, 2002 അഡ്മിഷൻ മുതലുള്ള എം.എഡ് എന്നീ പരീക്ഷകളാണ് നടത്തുക.

അപേക്ഷകൾ പിഴ കൂടാതെ ഒക്ടോബർ 25 വരെയും 50 രൂപ പിഴയോടെ 29 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 31 വരെയും സ്വീകരിക്കും. നിശ്ചിത പരീക്ഷ/സി.വി ക്യാമ്പ് ഫീസിന് പുറമെ അപേക്ഷകർ 5000 രൂപ സ്പെഷ്യൽ ഫീസും അടക്കേണ്ടതാണ്. ഓരോ സെമസ്റ്ററിനുമുള്ള പ്രത്യേക അപേക്ഷയോടൊപ്പം ഫീസടച്ചതിനുള്ള ഇ-റസിപ്റ്റിന്റെ കോപ്പിയും മാർക്ക് ലിസ്റ്റിന്റെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.

സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷക്കുള്ള പ്രത്യേക അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. epay.mgu.ac.in എന്ന ലിങ്കിലൂടെ ഫീസടയ്ക്കാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച തീയതികൾ അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിക്കേണ്ട അവസാന തീയതികളാണ്. അവസാന തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പരീക്ഷകൾ ആരംഭിക്കുന്ന തീയതി പിന്നീട് പ്രഖ്യാപിക്കും.

ബി.എ, ബി.എസ്.സി അപേക്ഷകൾ പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ IV നം, ബി.കോം അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ X നം, എം.എ, എം.കോം അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ IX നം, എം.എസ്.സി, ബി.എഡ്, എം.എഡ് അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ VIII നം, എം.ടെക് അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ XVI നം, എൽ.എൽ.ബി അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ XXII നം, എം.ബി.എ അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ XII നം, പാരാമെഡിക്കൽ അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ VI നം നേരിട്ടോ തപാൽ വഴിയോ സമർപ്പിയ്ക്കാവുന്നതാണ്.

പി.ആർ.ഒ. (ഇൻ ചാർജ്)